# ശക്തിയുടെ സൗന്ദര്യം

പ്രൊഫ. കെ.പി. ശങ്കരൻ

ഇടശ്ശേരിയുടെ പല സമാഹാരങ്ങളുടെ പേരുകളിൽവെച്ച് എനിക്കു പഥ്യം 'ഒരുപിടി നെല്ലിക്ക' എന്നതു തന്നെ. ആലോചിക്കും തോറും ആ പേരിന്റെ പ്രസക്തി ഇടശ്ശേരിക്കവിതകളിലേക്കാകെ വ്യാപിച്ചുനിൽക്കുന്നതായി അനുഭവപ്പെടുകയാണ്. മുതുനെല്ലിക്കപോലെ, ആദ്യം ചവർത്താലും പിന്നെ മധുരിക്കുന്ന ഒരു മൂപ്പ് ഇടശ്ശേരിക്കവിതകളെ പ്രത്യേകം ഹിതകരമാക്കുന്നു. ചാപല്യത്തിലും താരള്യത്തിലുമേറെ ആരോഗ്യത്തെ മാനിക്കുന്ന പുതിയ അഭിരുചി ആ കവിതകളിൽനിന്ന് കൂടുതൽ കൂടുതൽ പോഷണം നേടിക്കൊണ്ടേ ഇരിക്കും.

ചാപല്യവും താരള്യവും എന്നു പറഞ്ഞുവല്ലോ; അവിടെ സ്വാഭാവികമായും ചങ്ങമ്പുഴയെ ഓർത്തുപോവും. ചങ്ങമ്പുഴ നമ്മുടെ കവിതയിൽ കാൽപ്പനികത്വം എന്ന ആരാമത്തിന്റെ രോമാഞ്ചമായിരുന്നുവല്ലോ. അപൂർവ വർണങ്ങളും ഗന്ധങ്ങളും ഒക്കെ ആ പ്രതിഭ വാരിപ്പകർന്നു. അവയുടെ വീചിക്ഷോഭത്തിൽ നിലതെററുക എന്നത് നിസ്തുലമായ ഒരനുഭൂതിതന്നെയായിരുന്നു. എന്നിട്ടോ, ലഹരിയുടെ ചിറകുമായി, അജ്ഞാതമായ ആകാശവിതാനങ്ങളിൽ നമ്മുടെ സംവേദനം പാറിയലഞ്ഞു. കൊള്ളാം; പക്ഷേ, കുറേക്കഴിഞ്ഞാൽ, പരുത്ത, ഉറച്ച, ഈ മണ്ണിലേക്കുതന്നെ തിരിച്ചെത്തണ്ടേ? തിരിച്ചെത്തിക്കുക എന്നത് ചരിത്രപരമായ ഒരാവശ്യം കൂടിയായിരുന്നു. ഈ ആവശ്യം നിറവേററുക എന്നതത്രേ, ഇടശ്ശേരി ഏറെറടുത്ത ദൗത്യത്തിന്റെ ചുരുക്കം. ഏതു വലിയ എഴുത്തുകാരനും ഇപ്രകാരം നിലവിലുള്ള പാരമ്പര്യത്തിന്റെ കെടുതി നീക്കുക എന്ന ആവശ്യം നിറവേറേറണ്ടിവരുമല്ലോ.

'മലർനിരകളും മധുകരങ്ങളും
മലയജച്ചാറും മധുരഹാസവും
നറും നിലാവൊളി പരന്ന രാത്രിയും
മറക്കുവിൻ മാന്യയുവാക്കളേ നിങ്ങൾ'
(ഭാരതപ്പുഴ)

എന്ന ആഹ്വാനം അർഥവത്താണ്. എന്നാൽ, ഇതൊരു ആവേശമായോ അതിവാദമായോ വളർത്തിയില്ല ഇടശ്ശേരി എന്നതും വാസ്തവംതന്നെ. എല്ലാ മലർനിരകളേയും മധുകരങ്ങളേയും അകററി, ശേഷിക്കുന്ന കേവലമായ മരുപ്പറമ്പാവണം കവിത എന്നൊന്നും അദ്ദേഹത്തിനു വാശിയുമില്ലായിരുന്നു. മാത്രമല്ല, കവിതയുടെ സഹജമായ സരളതയെ അദ്ദേഹം മറന്നതുമില്ല. "പറക്കുന്നു എന്നുവച്ച് പൂമ്പാററകൾ ബോമ്പർ വിമാനങ്ങളാകണമെന്നു ശഠിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്!" എന്ന് അദ്ദേഹം തന്റെ ഒരു സമാഹാരത്തിന്റെ (കുങ്കുമപ്രഭാതം) മുഖക്കുറിപ്പിൽ തൊടുത്തുവച്ച ചോദ്യം പ്രസക്തി പിഴയ്ക്കാതെ, കവിതയെസംബന്ധിച്ച അന്വേഷണങ്ങളിലേർപ്പെടുമ്പോൾ നമ്മുടെ ഉള്ളിൽ തുടർന്നു മുഴങ്ങേണ്ട ഒന്നാണ് എന്നു തോന്നുന്നു.

അഥവാ അപ്പപ്പോൾ, അതാതററങ്ങളിലേക്കു വലിയാതെ, ഉടനീളം നിഷ്കൃഷ്ടമായ ഒരു സമതുലിതത്വം പാലിക്കാൻ സാധിച്ചു എന്നതാവാം ഇടശ്ശേരിയുടെ സവിശേഷത. മിക്ക കവികളും ഒരർഥത്തിൽ ഒററക്കണ്ണരത്രേ, ഇടശ്ശേരിയാവട്ടെ ഒരുപക്ഷേ വൈലോപ്പിള്ളിയോടൊപ്പം, ഇരുകണ്ണും തുറന്നു കാണാൻ മനസ്സിരുത്തി.. ഈ കാഴ്ചയിലൂടെ കൈ വന്ന വസ്തു നിഷ്ഠതയും സത്യസന്ധതയും, തന്നെ 'ശക്തിയുടെ കവി''യാക്കുകയും ചെയ്തു. 'ശക്തിയുടെ കവി' എന്ന് ഇടശ്ശേരിയെ വിശേഷിപ്പിക്കുമ്പോൾ ശക്തി, കവി എന്ന് ആ രണ്ടു ശബ്ദങ്ങളിലും ഒരുപോലെ വേണം ഊന്നൽ. ശക്തിയെ ഒരു മുദ്രാവാക്യമാക്കുമ്പോൾ പലർക്കും പാളിച്ച പററിപ്പോവാറുണ്ട്. പക്ഷേ, 'ഒന്നുകിൽ കളരിക്കു പുറത്ത്, അല്ലെങ്കിൽ കുറുപ്പിന്റെ നെഞ്ചത്ത്' എന്ന വൈരുധ്യം ഇടശ്ശേരിയെ ബാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ 'പുത്തൻകലവും അരിവാളും' 'പണിമുടക്ക്'വും പോലുള്ള പ്രശസ്ത രചനകൾ ഇന്നു വീണ്ടും വായിക്കുമ്പോൾ ഈ വസ്തുത ആഹ്ലാദപൂർവം അറിയാറാവുന്നു. 'ശക്തിയുടെ സൗന്ദര്യം' എന്ന നിർധാരണം, അങ്ങനെ, ഇടശ്ശേരിക്കവിതയ്ക്കു തികച്ചും നിരക്കുകയും ചെയ്യുന്നു.

കവിതയിലെ സൗന്ദര്യത്തെ സംബന്ധിച്ചിടത്തോളം ഉപരിപ്ലവമായ ഒരുപാട് ധാരണകൾ നമ്മെ വിഭ്രമിപ്പിച്ചു എന്നുവരാം. നടേ ഉദ്ധരിച്ച ഈരടികളിലെ മലർനിരകൾ, മധുകരങ്ങൾ, മലയജച്ചാറ്, മധുരഹാസം, നറുംനിലാവൊളി ഇങ്ങനെ ഒരു നാട്ടുവൈദ്യന്റെ കഷായപ്പട്ടികയിലെ ഇനങ്ങളെപ്പോലെ, നീളുന്ന ഏതാനും പദങ്ങളിലേക്കു സൗന്ദര്യത്തിന്റെ വ്യാപ്തിയെ വെട്ടിച്ചുരുക്കാനാവും പലർക്കും വാസന. വന്നുവന്ന്, ഇതു നന്നെച്ചുരുക്കം അനുനാസിക മൃദുസംയുക്തങ്ങളായ

അക്ഷരങ്ങളോടുമാത്രം അഭിനിവേശം എന്ന പതനത്തിലേക്കും വളരാം! പിന്നെ വല്ല ചലച്ചിത്രഗാനവും എഴുതി 'ധന്യ'നാവുക എന്നല്ലാതെ, ഈ 'പതന'ത്തിൽ കവിതയുടെ പ്രസക്തി ശരിക്കും പുലർത്താൻ ഞെരുക്കമാണ്, ഇടശ്ശേരി ഈ പൊരുളറിഞ്ഞു പെരുമാറി.

'തെല്ലിടം ഗളം ചാഞ്ഞംഗുലികൾ
ലല്ലലല്ലലം തത്തിക്കളിക്കേ'

എന്ന ഈരടിയെ സാക്ഷിയാക്കിക്കൊണ്ട് നമ്മുടെ വിമർശനം ഒരുക്കൽ ചങ്ങമ്പുഴയുടെ കവിതയെ അതൊരു 'ലല്ലലല്ല' മാണെന്ന് സാമാന്യവൽക്കരിച്ചുവല്ലോ. ആ സമീപനം സാധുവായിരുന്നോ ഇല്ലേ എന്നതിരിക്കട്ടെ. ആ ശൈലി കടം വാങ്ങി ഇടശ്ശേരിയുടെ കവിതയെ സാമാന്യവൽക്കരിക്കയാണെങ്കിൽ, ഏതീരടിയാവും ചേരുക? എനിക്കുദ്ധരിക്കാൻ തോന്നുന്നത് 'ചകിരിക്കുഴിക'ളിലെ ഈ ഈരടിയത്രെ.

'കേൾപ്പു ദൂരാൽ ക്ടോം ക്ടോമെന്നിട-
വിട്ടൊരു ദുഃശ്രവമാം താളം'

മോഹനദൃശ്യങ്ങളിലേക്കു ഓടിപ്പോവുന്ന ഹൃദയത്തെ 'ഇടനെഞ്ചിടറിവരു'ന്ന ഈ 'ക്ടോം ക്ടോം ' താളം തടയുന്നതായി ഇടശ്ശേരി തുടരുന്നു. ഒരു നാദമെന്ന നിലയിൽ 'ലല്ലലല്ല'മാണ് 'ക്ടോ ക്ടോ'മിനേക്കാൾ സുന്ദരമെന്നു പെട്ടെന്നു കേറി വിചാരിക്കാം. പക്ഷേ, ഒരു നാദവും കേവലമല്ലല്ലോ. 'ഇക്കയർ പണിയും സോദരിമാരുടെ ദുഃഖം പാടിനടക്ക'വേ, അവരുടെ തേങ്ങലിനുള്ള വിനിമയ നാണയമായി' ഉയരുന്ന 'ക്ടോം ക്ടോം' ഇടശ്ശേരി കേൾക്കുന്നത് ഏതായാലും കേവലനാദമായിട്ടല്ല. അങ്ങനെ അതിന്റെ ശക്തി മറേറ 'ലല്ലലല്ല'ത്തിന്റെ സൗന്ദര്യത്തേക്കാൾ അദ്ദേഹത്തിന്റെ ഹൃദയത്തെ അഗാധമായി സ്പർശിക്കുന്നു. 'ലല്ലലല്ല'ത്തിൽനിന്നും 'ക്ടോം ക്ടോ'മിനുള്ള വ്യത്യാസം വേണമെങ്കിൽ ചങ്ങമ്പുഴയിൽനിന്ന് ഇടശ്ശേരിയെ വിവേചിക്കാൻ ഇത്തരമൊരു സൂത്രവാക്യം സ്വരൂപിക്കപോലും ആവാം!

നാദത്തെക്കുറിച്ച് ഇടശ്ശേരിക്കവിതയുടെ ബോധമെന്തെന്നു വെളിപ്പെടുത്തുന്ന വേറൊരുദാഹരണവും ഇവിടെത്തന്നെ ഓർമവരുന്നു.

'കലയുടെ വീണക്കമ്പിയിൽ നിന്നൊഴുകുന്നൊരു നാദബ്രഹ്മം
കഥയെന്നെന്മത: മെല്ലാക്കോകില വാണികളും തുലയട്ടേ!
ജനനിവഹത്തിനിടയ്ക്കെൻ കാതിനു കമ്പം ഘർഘരകണ്ഠം,
ദിനമനു നമ്മെയുറക്കമിളപ്പിക്കുന്നൊരു മൈക്കേ, നീതാൻ!'
(പഴകിയ ചാലുകൾ മാററുക)

കോകിലവാണികൾക്കെതിരെ ക്രൂരപരുഷമായ മൈക്കിനോടുള്ള ഈ ആഭിമുഖ്യം അർഥഗർഭംതന്നെ. കാവ്യസൗന്ദര്യത്തെപ്പററി മൃതമായ കാൽപ്പനികമിഥ്യകളൊന്നും ഇടശ്ശേരി വെച്ചുപുലർത്തിയിരുന്നില്ല എന്നതിന്നു ദൃഷ്ടാന്തമാണല്ലോ ഇത്.

'പഴകിയ ചാലുകൾ മാററുക' എന്ന നീണ്ട കവിതയിൽനിന്ന് തൽക്കാലം ഉദ്ധരിച്ചത് ഈ ഈരടികളായി എന്നേയുള്ളൂ. ഈ കവിതയിലെ ഏതീരടിയും ഇടശ്ശേരിയുടെ അവബോധത്തിന്റെ അസ്സൽ പ്രഖ്യാപനമത്രേ. ശക്തിയാണ്, സാഫല്യമാണ്, സൗന്ദര്യം എന്ന പൊരുൾ ഇതിലെ ഏതീരടിയും ഘോഷിക്കുന്നു, മാറിയ കാലത്തെക്കുറിച്ചുള്ള മൗലികമായ അവബോധം നിമിത്തം സുന്ദരമാവുക എന്നതിനു സുശക്തമാവുക എന്നുകൂടിയാണ് അർഥം എന്ന് ഇടശ്ശേരി മനസ്സിലാക്കുന്നു.

ശക്തിയുടെ സൗന്ദര്യം എന്നത് പൊതുവെ പ്രതിഭയുടെ പുരുഷലക്ഷണമത്രേ. പൂർണമായും പുരുഷത്വത്തിന്റെ ഊർജം ഓളം വെട്ടി നിൽക്കുന്ന ഒന്നാണ് ഇടശ്ശേരിയുടെ പ്രതിഭ. താൻ പെണ്ണല്ല എന്ന് ഒരിടത്ത് അദ്ദേഹം പ്രകടമായി വിളിച്ചുപറഞ്ഞിട്ടുതന്നെയുണ്ട്.

'നരിവന്നാൽ-വന്നോട്ടെ, സുപരീക്ഷിതങ്ങളെൻ
ചരണങ്ങൾ; ഞാനൊരു പെണ്ണല്ലല്ലോ!'
(ബുദ്ധനും ഞാനും നരിയും)

ഇത്രതന്നെ സുവിദിതമല്ലാത്ത ഒരു പഴയ കവിതയിലെ സൂചനയും ഈ സന്ദർഭത്തിൽ സംഗതമാണ്.

'കുഴയും വല്ലിക്കപ്പോൾ ചായാതെ വയ്യെന്നായി
കുതുകാൽ നീട്ടുന്നോരാ വിടപ ബാഹുക്കളിൽ.'
(ആ കൈലേസ്)

തനി സ്ത്രൈണമായ സങ്കൽപ്പങ്ങൾ ഇടശ്ശേരിക്കവിതയിൽ വിരളമാണ്. അത്തരം തരളതകൾക്കു ചായാൽ തൊട്ടടുത്തുതന്നെ കരുത്ത് തഴച്ചുനിൽപ്പുണ്ടാവും എന്നു കൂടിയല്ലേ ഈ ഈരടിക്ക് അർഥം ധരിക്കേണ്ടത്? തന്റെ നായികമാരെ അപൂർവമായ സഹനശക്തിയും നിശ്ചയദാർഢ്യവും കൊണ്ടാണ് ഈ കവി വാർത്തെടുത്തിരിക്കുന്നത് എന്ന വസ്തുതയുടെ മർമവും ഇതുതന്നെയായിരിക്കാം.

വെറും കാമുകന്റെ മനോഭാവം ആവിഷ്കരിക്കുന്നത് തനിക്കു വിഷമമാണെന്ന് ഇടശ്ശേരി സമ്മ

തിച്ചിട്ടുണ്ട്. ('ആററുവക്കത്ത്' എന്ന കവിതക്കെഴുതിയ അടിക്കുറിപ്പ്–തെരഞ്ഞെടുത്ത കൃതികൾ) ശരിയാണ്. കാൽപ്പനിക കവിത താലോലിച്ച ആ കാമുകസങ്കൽപ്പമുണ്ടല്ലോ. അതിനോട് ഇടശ്ശേരിക്ക് അത്ര പഥ്യമുണ്ടായിരുന്നില്ല. ഈ പ്രവണതയിൽ,

'എൻചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി
നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ!"

എന്നെഴുതിയ എൻ.വിയോളം പോവുന്നില്ലായിരിക്കാം ഇടശ്ശേരി. എങ്കിലും

'ചടുലപ്രേമത്തളിർ തൂവാലകൾ വിഡ്ഢികൾ സമ്പാദിപ്പൂ
നിടിലതടത്തിൻ വേർപ്പു തുടയ്ക്കാനക്ഷരമുണ്ടോ മായ്‌വൂ!'
(മകന്റെ വാശി)

എന്ന് അദ്ദേഹവും എഴുതാതിരുന്നില്ല. കാൽപ്പനികമായ അതിഭാവുകപ്രണയത്തോട് ഇടശ്ശേരിയുടെ യാഥാർഥ്യബോധത്തിന്റെ മൊത്തം പ്രതികരണമത്രേ ഈ ഈരടി ഉൾക്കൊള്ളുന്നത്.

ഇത്രയുമെത്തുമ്പോൾ വിസ്മരിച്ചുകൂടാത്ത ഒരു കവിതയാണ് 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ.' ഇടശ്ശേരിയുടെ മാത്രമല്ല മലയാള കവിതയിലെ തന്നെ സൗന്ദര്യബോധത്തിന്റെ വികാസപരിണാമം വിലയിരുത്തുമ്പോൾ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യ്ക്ക് നിർണായകമായ പ്രാധാന്യമുണ്ട്. 'സൗന്ദര്യം ,വൈരൂപ്യം, സൗശീല്യം, ദുശ്ശീലം' ഇവയെക്കുറിച്ച് നമുക്കുള്ള സങ്കൽപ്പത്തിന്റെ കെട്ടുറപ്പ് ഒന്നു പരീക്ഷിക്കാൻ തോന്നിയിട്ടു കൂടിയാണ് താനാ കവിത എഴുതിയത് എന്നു കവി നൽകുന്ന സാക്ഷ്യപത്രവും (തിരഞ്ഞെടുത്ത കൃതികളിലെ അടിക്കുറിപ്പ്) പ്രത്യേകം ശ്രദ്ധേയമത്രേ.

'പൂവിടും തോറും ഞെട്ടിത്താഴുന്നു, താഴുംതോറും
പൂവിട്ടു പോയീടുന്നൂ പാറുവിൻ തനുവല്ലി!'

എന്നു നായികയുടെ താരുണ്യത്തഴപ്പിനെ 'സൗന്ദര്യ'ത്തിന്റെ ശൈലിയിൽ മാത്രമല്ല,

'കുതിരക്കുളമ്പിൽപ്പോൽ തന്നിലും വീണ്ടും വീണ്ടും
കുതിക്കാൻ പ്രേരിപ്പിക്കുമൊന്നുദിച്ചുയരുന്നു.'

എന്നു ശക്തിയുടെ ശൈലിയിലും ഇടശ്ശേരി സ്പഷ്ടമാക്കാതിരിക്കുന്നില്ല. അവിടം മുതലേ ആരംഭിക്കുന്നു ആ കവിതയുടെ സവിശേഷത. ഒടുക്കം നമ്മുടെ സൗന്ദര്യബോധത്തിൽതന്നെ ഒരഴിച്ചുകൂട്ടൽ നടത്തേണ്ടതിന്റെ അനിവാര്യത അറിയിച്ചുകൊണ്ടത്രേ സമാപനം.

ഞാനാലോചിക്കുകയാണ്, തന്റെ ഒരു നായികയുടെ മുഖത്ത് ഈ കവി കറുത്ത കല വീഴ്ത്തിയതിന്റെയും ആ കലയെ 'സുന്ദരം' എന്നു വിശേഷിപ്പിച്ചതിന്റേയും രഹസ്യം.

'നാലു വയസ്സിൽ നട്ടപ്രാന്തിൽക്കളി
യിൽ കലിപെടു മരിശം മൂത്തി–
ട്ടോലപ്പാമ്പുകൊടാഞ്ഞതിനവളെ
ക്കളിമൊച്ചിങ്ങയെറിഞ്ഞതിനാലേ
കണ്ണിൻ കടമുന പൊട്ടിപ്പിന്നെ
ച്ചോരയൊലിച്ചുമളിഞ്ഞും വീർത്ത–
പ്പുണ്ണും വെച്ചു നടന്നവളാണൊരു വർഷം
മുഴുവനുമവനെപ്പേറി.
ഇന്നും സുന്ദരമാമക്കലയാ, ണുൽസ്മിത
ഫുല്ലകപോലവുമോമൽ–
ക്കുന്ദരദങ്ങളുമല്ലവൾ കാൺമൂ
കൗതുകപൂർവം കണ്ണാടികളിൽ.'
(പെങ്ങൾ)

അതെ, വടുകെട്ടിയ അനുഭവത്തിന്റെ കരുത്താണ് തന്റെ കവിതയുടെ സൗന്ദര്യം; വാരിത്തേച്ച അതിഭാവുകത്വത്തിന്റെ പകിട്ടല്ലതന്നെ. 'തെരുവിൽ കൂർത്ത ചരൽക്കല്ലുകളിൽ ജീവിതരക്തം പാററിക്കൊണ്ട്', ആ നായികയെപ്പോലെ, ഇടശ്ശേരിയുടെ കവിതയും 'കരുതിയിറങ്ങിനട'ക്കുന്നു. കാലുകളെയും കയറുകളെയും വെറുക്കുന്ന, ചിറകുകളെ മാത്രം സ്നേഹിക്കുന്ന ശുദ്ധകാൽപ്പനികതയുടെ സ്വപ്നാടത്തിനെതിരേ, ഈ കവിതയുടെ ഗതി പരമാവധി പ്രൗഢവും നിയതവും ലൗകികവുമത്രേ.

'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' മുതലായ കവിതകൾ വായിച്ച് ഓർത്തോർത്തിരിക്കുമ്പോൾ, എന്തു ഭാവബന്ധംകൊണ്ടോ എന്റെ മനസ്സ് ഉണ്ണായിവാരിയരിൽ ചെന്നു ചേരാറുണ്ട്. ഏതാണ്ട് ഒരേ വാർപ്പിലാണ് ഈ രണ്ടു കവികളുടേയും പ്രതിഭ കരുപ്പിടിച്ചിരിക്കുന്നത്.

'യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
അവിവേകമിതുകണ്ടാൽ അറിവുള്ളവർ

പരിഹസിക്കും
ചിലർ പഴിക്കും, വഴിപിഴയ്ക്കും തവ
നിനയ്ക്കുമ്പോൾ'

എന്ന പ്രസിദ്ധമായ പദമുണ്ടല്ലോ, നമ്മുടെ അഭിരുചിയുടെ ബാലിശത്വത്തെയും ചാപല്യത്തെയും സ്നേഹപൂർവം ശാസിക്കാൻ ഇടശ്ശേരിയും അതുപയോഗപ്പെടുത്തിയേക്കും എന്നൊരു പ്രതീതി! ഇടശ്ശേരിയുടെ ഒരു കൽപ്പന ഈ അർഥത്തിൽ പ്രത്യേകം ശ്രദ്ധേയമത്രേ.

'ചേറടിത്തട്ടിൽ താണുകിടന്നേ മതിയാവൂ,
സാരസപുഷ്പത്തിനു സൂര്യനെ സേവിക്കുവാൻ'
(അങ്ങേ വീട്ടിലേക്ക്)

സൂര്യോന്മുഖമായി നിറന്നു വിരിഞ്ഞുയരുന്ന സാരസപുഷ്പത്തിന്റെ സൗന്ദര്യത്തിൽ നിലീനരായിപ്പോകേ, അതിന്റെ അടിത്തട്ടിൽ താണു കിടക്കുന്ന ചേറ് എന്ന സത്യത്തെ വിസ്മരിക്കുന്ന മുഗ്ധബുദ്ധികളാവുമല്ലോ മിക്ക കവികളും ഇടശ്ശേരിക്ക് ആ അബദ്ധം പററുകയില്ല. ഇടശ്ശേരിയുടെ ഈ ഈരടിക്കു സമാന്തരമായി വീണ്ടും ഉണ്ണായിവാരിയരെ ഓർത്തുകൊള്ളട്ടെ.

'പെണ്ണിനൊരാണിലൊരു പ്രേമതാമരയ്ക്കിന്നു
കന്ദർപ്പൻ വേണമല്ലോ കന്ദം സമർപ്പയിതും!'

പ്രേമത്തിന്റെ താമര വിടർന്നാൽ പിന്നെ ആ പൂവുനോക്കി മയങ്ങാനല്ലാതെ. അതിന്റെ കിഴങ്ങും തേടി ഇറങ്ങാൻ സാധാരണ കവികൾ തുനിയാറില്ലല്ലോ. പക്ഷേ, അനുഭവത്തിലേക്ക് ആണ്ടിറങ്ങുന്ന ഉണ്ണായിവാരിയരുടെ പ്രതിഭയ്ക്ക്. അടിയിൽ കിഴങ്ങുകിടന്നാലേ മുകളിൽ താമര വിടരൂ എന്ന മർമം മറക്കാനും ഞെരുക്കമാണ്. ഇതുതന്നെ ഇടശ്ശേരിയുടേയും സ്ഥിതി.

ഇരിക്കട്ടെ; ഈ താരതമ്യം തൽക്കാലം വികസിപ്പിക്കുന്നില്ല. ഇടശ്ശേരിയെ സംബന്ധിക്കുന്ന വേറൊരു സവിശേഷതയിലേക്കു തിരിയട്ടെ ഇനി. സ്ത്രൈണദൗർബല്യം ആ പ്രതിഭയ്ക്കില്ല എന്നു പറഞ്ഞുവല്ലോ. അതിന്റെ പ്രശസ്തമായ ഫലമാവാം, ഏതനുഭവത്തിന്റെ മുന്നിലും പതറാത്ത ഒരു പാകത ആ കവിതയെ അനുഗ്രഹിച്ചിരുന്നു. മററുള്ളവരുടെ കൈയിൽ വെറും ആവേശമായി പാളിപ്പോയേക്കാവുന്ന പ്രമേയത്തിന്റെ അന്തസ്സത്തെയ കടഞ്ഞെടുക്കാൻ അങ്ങനെ ശക്തിയിലൂടെ സൗന്ദര്യത്തെ സാക്ഷാൽക്കരിക്കാൻ, ഇടശ്ശേരിക്കു സാധിച്ചതിന്റെ മികച്ച ദൃഷ്ടാന്തമാണല്ലോ 'പണിമുടക്ക'മെന്ന കവിത.

'പുറമെ കൊടുങ്കാററു ചീറിപ്പാഞ്ഞു
നെറികെട്ട സായുധസേനപോലെ.,
കരവിട്ടു സർവസ്വനാശമുള്ളിൽ
ത്തിരയിട്ടുയരുന്ന വേലിപോലെ
ചെറുകാററിൽ മന്ദമുലഞ്ഞുതാഴും
പുരയോലച്ചീളിൻ പിറുപിറുക്കൽ
ധൃതിപിടിച്ചന്തിക്കു ചേക്കയേറും
കഴുകച്ചിറകടിപോലെ കേട്ടു.'

ഇത്തരം കാററും കോളും കഴുകച്ചിറകടിയുമൊക്കെ അടിയോടെ ഉലച്ചിട്ടും, ഉറച്ചു തന്നെ നിൽക്കുന്ന 'പണിമുടക്ക'ത്തിലെ പാത്രങ്ങളില്ലേ, അവരെ വാർത്തെടുത്ത കവിയുടെ പാകവും അതുതന്നെ. ഇത്ര സന്തുലിതമായ ഇത്രയേറെ അനുഭവങ്ങളെ സമരസപ്പെടുത്തി അവതരിപ്പിച്ച മറെറാരു കവി നമുക്കുണ്ടോ- സംശയമാണ്.

'ഹാ, ശരി. ഞാനെൻ കലാവിദ്യ-തൻപരി-
മാണം വലുതാക്കി ജീവനിലോളവും'
(മറേറമുണ്ട്)

എന്ന് തുടിക്കുന്ന നെഞ്ചിൽ തൊട്ടുകൊണ്ടു തന്നെ അദ്ദേഹത്തിന്നവകാശപ്പെടാം. ഇക്കാര്യത്തിൽ, നമ്മുടെ ഇതിഹാസകവികൾക്ക് എന്നപോലെ, പ്രകൃതിയാണ് ഇടശ്ശേരിക്കും മാതൃക. പ്രകൃതിയോളം വലിയ മനസ്സുള്ളവർക്ക്, രണ്ടും അതിന്റെ ഭാഗമാണെന്നിരിക്കേ, വസന്തത്തോടു കൂടുതൽ മമതയോ, ഗ്രീഷ്മത്തോടു വൈരാഗ്യമോ, അത്തരം മററു ഭാവപക്ഷപാതങ്ങളോ ഒന്നും ഉളവാകേണ്ടതില്ലല്ലോ.

'പലതിൽ ചിലതത്രേ നീണ്ടുനിൽക്കുന്നു ശശ്വൽ-
പ്രകൃതിയുദാസീനം നിൽപ്പിലും നാശത്തിലും'
(ചൂരലിന്റെ മുമ്പിൽ)

എന്ന പൊരുൾ പ്രകൃതിയിൽനിന്നു പരാഗണം ചെയ്തിട്ടാവാം, ഇടശ്ശേരിക്കവിതയിൽ നിർദയവും നിസംഗവുമായ ഒരുതരം ശാസ്ത്രീയതയും സത്യസന്ധതയും ഫലിക്കുന്നു. ദുശ്ചരമല്ലോ ധർമ്മം, പാരിതു ദുഃഖോല്ലാസം നൂനം' (മകന്റെ വാശി) എന്ന അവബോധം ഈ കവിയുടെ അടി

യൊഴുക്കായി ത്രസിക്കുന്നു. ലൂഷികൽപ്പമായ ഒരു നർമവും ലാഘവവും ഇടശ്ശേരിയുടെ സമീപനത്തെ സവിശേഷമാക്കുന്നു.

ഈ സമീപനം സാർഥകമാകണമെങ്കിൽ ധാരാളം പ്രതികൂലാനുഭവങ്ങളെ നേരിട്ടിരിക്കണമല്ലോ. ഇടശ്ശേരി അവയെ സർവാത്മനാ സ്വാഗതം ചെയ്താലും. കർമവ്യഗ്രതയാണ് അദ്ദേഹത്തിന്റെ കൊടിയടയാളം. ശാന്തിയുടെ അന്തഃപുരത്തിൽ പൂമണമല്ല പൂപ്പലിന്റെ ചൂരാണത്രേ! (വീണ്ടും ഓണം)

'ദുഃഖം ശാശ്വതമായി നശിക്കെ, സ്വാദുററൊരു സുഖം ദുസ്സഹമാക്കിപോലും മരവിപ്പാലിബ്ഭുവനത്തെ' (ത്രിവിക്രമന്നു മുമ്പിൽ) എന്ന് അദ്ദേഹത്തിന്റെ മഹാബലി ഏററു പറയുന്നത് അർഥഗർഭം തന്നെ ( കുങ്കുമപ്രഭാത'ത്തിലെ ഒന്നുറങ്ങാൻ എന്ന കവിതയിലോ മറേറാ മാത്രമാവും, ഒരുപക്ഷേ ഒരു ഭിന്നസ്വരം ഉയരുന്നത്) എന്നിരിക്കേ,

'ഇരുളിൻ കാതലിലുളികൾ നടത്തി
ച്ചതുരം ചതുരം ചെത്തിമിനുക്കീ-
ട്ടിരുനയനങ്ങളുഡുക്കളമിഴ്ത്തിമിഴിപ്പി
ച്ചൊന്നിശ്ശിൽപ്പവിശേഷം.'
(വയലിന്റെ ചിത്രകാരൻ)

എന്നദ്ദേഹം നിർദ്ദേശിച്ചത് പരോക്ഷമായി സ്വന്തം നിർമാണപ്രക്രിയയെക്കൂടി ഉദ്ദേശിച്ചുകൊണ്ടാവാം.

'വരിയിലമർന്നൊരു വെള്ളിപ്പരലുകൾ
പോലെ രദങ്ങൾ മുഴുക്കെക്കാട്ടി-
ച്ചിരി തൂകുന്നളവമ്മുഖ മെന്തോരഹങ്കാരത്തെ
വഹിപ്പൂ ബാഢം!'

എന്ന ആത്മവിശ്വാസവുമതെ, ഇടശ്ശേരിക്കവിതയ്ക്കു ന്യായമായും അവകാശപ്പെട്ടതു തന്നെ.

'വെറുതെയായിട്ടില്ലെന്റെ ചലനമൊന്നും
വെറുങ്ങലിപ്പെന്തെന്നു ഞാനറിഞ്ഞിട്ടില്ല
കുനിഞ്ഞെങ്കിലൊരു പുലാവില പെറുക്കാൻ
കുടിച്ചിട്ടുണ്ടൊരു കിണ്ണം കൊഴുത്ത കഞ്ഞി'
(കടത്തുതോണി)

ചാഞ്ചല്യമില്ലാത്ത ഈ ചാരിതാർഥ്യം ആ ആത്മവിശ്വാസത്തിന്റെതന്നെ മറുവശമത്രേ.

തീയിൽ മുളച്ചതു വെയിലത്തു വാടില്ല എന്നുണ്ടല്ലോ. വിമർശകർ എടുത്തെറിഞ്ഞുനോക്കിയിട്ടും ഭാസന്റെ സ്വപ്നവാസവദത്തത്തെ എരിക്കാൻ തീയിനു കഴിഞ്ഞില്ല എന്ന ഐതിഹ്യത്തിന്റെ പശ്ചാത്തലത്തിൽ പറയട്ടെ, ശക്തിയിൽ കുരുത്ത തന്റെ കവിതകളുടെ സൗന്ദര്യം ഏതഗ്നി പരീക്ഷയേയും അതിജീവിച്ചോളും എന്ന് ഇടശ്ശേരിയും വിശ്വസിച്ചിരിക്കണം. ഏതായാലും വിമർശനത്തോടുള്ള നിലപാടിൽ ഈ കവി വെളിപ്പെടുത്തുന്ന സ്ഥിതപ്രജ്ഞത്വം വിസ്മയാവഹമത്രേ.

'കുറവേ കാണൂ മർത്ത്യദൃഷ്ടിയിലാദ്യം മേന്മ-
യ്ക്കുറവാണല്ലോ ദോഷദർശനനിഷ്ണാതത്വം!
തന്നിലേ തികവറെറാരീലോകം പഠിച്ചിട്ടി-
ല്ലൊന്നിലുമപൂർണതയ്ക്കുള്ള സൗന്ദര്യം കാണാൻ.
ഏതൊരു കലാവിദ്യ നേർന്നിരിക്കില്ലാ, തന്നെ-
ത്താദൃശനിരൂപകർ കടന്നുതീണ്ടിടായ്‌വാൻ?'
(ആ കൈലേസ്)

എന്ന്, പഴയൊരു കവിതയിൽ അസാരം പരാതി നുരയിടുന്നുണ്ടെന്നു തോന്നാം. എന്നാൽ, തുടർന്ന് തന്റേടവും തനിക്കുതാൻപോരിമയും ഉറച്ചതോടെ, അക്ഷോഭ്യമായ ഒരു പാകം ഇടശ്ശേരി നേടിക്കഴിഞ്ഞു. വിഹ്വലനാവാതെയും വിറളിയെടുക്കാതെയും വിമർശനത്തെ നേരിടാമെന്നായി എന്നല്ല. വിമർശനത്തിന്നെതിരെ നേർത്ത പരിഹാസച്ചിരിയും ചിലപ്പോൾ ചിതറിയേക്കാം. 'പുഞ്ചിരികോലും ചുണ്ടിൻ തുഞ്ചൊരുലേശം വളച്ച്, പണ്ട് 'പ്രസ്താവന' എന്ന കവിതയിൽ മഹാപണ്ഡിതരോടു മറുപടി പറഞ്ഞുവല്ലോ ഏതാണ്ടതേഭാവം അവസാനകാലത്തെഴുതിയ 'ഞാൻ പ്രാർഥിക്കുന്നു' എന്ന കവിതയിലും കാണാം.

'അതിനാൽ ഹേ മഹാമായേ
നിരൂപകപുരന്ധ്രികേ,
ദണ്ണം പിടിപ്പിക്കരുതേ
തമ്പാട്ടീ നേർന്നിടുന്നു ഞാൻ'

ദണ്ണം പിടിപ്പിക്കാതിരിക്കുക, അത്രയേവേണ്ടൂ. ബാക്കിയൊക്കെ താൻ നോക്കിക്കോളാം എന്ന

ഈ ഭാവത്തിന്ന് വെറുമൊരു ഫലിതത്തിന്റേതിൽക്കവിഞ്ഞ അർഥവ്യാപ്തിയുണ്ട് എന്നു പറയേണ്ടതില്ലല്ലോ.

ഇടശ്ശേരിക്കവിതയിലെ പ്രശസ്തകൽപ്പനകളെടുത്ത് അൽപ്പം ഇഴപേർത്തു കാണിക്ക കൂടി ചെയ്താലേ, ശക്തിയുടെ സൗന്ദര്യം എന്ന വ്യപദേശം യഥാർഥത്തിൽ സ്പഷ്ടമാവൂ. എങ്കിലും അതിനിവിടെ മുതിരുന്നില്ല. അതു കൂടാതെത്തന്നെ, കേവലം മുൻവിധിയാവില്ല എന്ന ഉറപ്പോടെ, ഒററ സംഗതിമാത്രം സ്പർശിച്ചുകൊള്ളട്ടെ; നാടനും നഗ്നവുമാണ് ഇടശ്ശേരിയുടെ പല കൽപ്പനകളും. എന്നാലും അവയുടെ ശക്തിയും സാഫല്യവും അതുകൊണ്ടുതന്നെ സൗന്ദര്യവും ഒന്നു വേറെതന്നെ. റോബർട്ട് ഫ്രോസ്റ്റിനെപ്പോലെ, ഇടശ്ശേരിക്കുമാവാം ഒരു മഴുവിന്റേയോ മണവെട്ടിയുടേയോ ഒക്കെ മെച്ചം തിട്ടപ്പെടുത്തുന്ന അതേ മാനദണ്ഡം കവിതയിലേക്കും വ്യാപിപ്പിക്കുക. ഋജു, ഖരം, ദൃഢം– ഈ മേന്മകളെല്ലാം ഇടശ്ശേരിയുടെ എണ്ണപ്പെട്ട കാവ്യബിംബങ്ങൾക്ക് ഇണങ്ങും.

അഥവാ, കവിതയുടെ പണിപ്പുരയെ കരുവാന്റെ ആലയായിട്ടാണല്ലോ ഇടശ്ശേരി കൽപ്പിക്കുന്നത്. അവിടെ താൻ ശ്രദ്ധാപൂർവം ഒരു പേനക്കത്തി തീർത്തെടുക്കുന്നു. തന്റെ പത്നിയാവട്ടെ, അതു തിരിച്ചും മറിച്ചും നോക്കി നല്ലൊരു മടവാളുതന്നെ എന്നു കീർത്തിമുദ്രയും നൽകുന്നു. ഈ പത്നിയോ, അതോ ഇടശ്ശേരിയെ 'ശക്തിയുടെ കവി' എന്നു വിശേഷിപ്പിച്ച വിമർശകനോ–ആരാവും അധികം സത്യദർശി?